CHRISTIAN MEDICAL ASSOCIATION OF INDIA
building a just and healthy society

# സൗഖ്യദായക ശുശ്രൂഷാ ഞായർ 2019

**10 ഫെബ്രുവരി 2019 ഞായർ**

**പ്രമേയം: ആരാണ് എന്നെ തൊട്ടത്? - ലൂക്കൊസ് 4: 44-46**

## ആരാധനാ ക്രമം

1. **ആരാധനക്ക് ഒരുക്കം**

*സ്വതന്ത്രമാക്കുകയും സൌഖ്യമാക്കുകയും പുതിയ ജീവിതം നൽകുകയും ചെയ്യുന്ന ദൈവത്തെ നമുക്ക് ആരാധിക്കാം*

ദാഹിക്കുന്ന എവരും കർത്താവിൽ വിശ്വസിക്കുവിൻ; എന്തെന്നാൽ കർത്താവ് നിത്യസ്നേഹവും ശാശ്വതമായ വിമോചനവും ആകുന്നു.

**ഞങ്ങളുടെ ദൈവമായ കർത്താവേ , ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നു ; നീ ഞങ്ങളുടെ സഹായവും പരിചയും ആകുന്നു**

വേദനയിലും കഷ്ടപ്പാടുകളിലും ഉള്ളവരേ, വരുവിൻ;

**ഞങ്ങളുടെ ദൈവമായ കർത്താവേ , ഞങ്ങൾ സഹായത്തിനായി അങ്ങയെ വിളിച്ചു, അങ്ങ് ഞങ്ങളെ സൗഖ്യമാക്കി**

വരുവിൻ, നമുക്ക് സൗഖ്യം തന്നു നമ്മോടു ക്ഷമിച്ച ദൈവത്തെ ആരാധിക്കാം.

**കർത്താവേ, ആനന്ദകരമായ വിടുതലോടെ, ഞങ്ങൾ നിന്നെ സ്തുതിക്കുകയും ബഹുമാനത്തോടെ ഞങ്ങൾ തിരു സന്നിധിയിൽ വരികയും ചെയ്യുന്നു. നീ നിന്നെ വിളിക്കുന്ന എല്ലാവർക്കും നല്ലവനും ക്ഷമിക്കുന്നവനും സമൃദ്ധ സ്നേഹം നൽകുന്നവനും ആകുന്നു**

2. **സ്വാഗതം**
3. **പ്രാരംഭ പ്രാർത്ഥന**

കരുണാമയനായ ദൈവമേ , എല്ലാ രോഗശാന്തിയുടെയും ഉറവിടമേ , ഞങ്ങൾ നിന്റെ മുൻപിൽ വന്ന് നിന്റെ വിശ്വസ്തതയെ ഓർക്കുന്നു. നിന്റെ മുഖം തേടിയപ്പോളെല്ലാം നീ ഞങ്ങളെ സ്പർശിച്ച് സുഖപ്പെടുത്തി. പ്രയാസങ്ങൾക്കിടയിലും നിന്റെ സ്പര്ശനം അനുഭവിച്ചു വിശ്വാസത്തിൽ ഉറക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറകൾ പ്രതികരിക്കുമെന്നു പ്രതീക്ഷിച്ചു തിരക്കിൽ നിന്നും ഞങ്ങളെ നീ വിളിച്ചു. ആ വിളി കേട്ട് നിന്റെ മുൻപാകെ നിൽക്കുമ്പോൾ നിന്റെ ഹിതം നിറവേറ്റാൻ ഞങ്ങൾ പലപ്പോഴും പരാജയപ്പെട്ടിട്ടുണ്ടെന്നും ചിലപ്പോൾ ഇടർച്ചക്കല്ലുകളായി മാറിയിട്ടുണ്ടെന്നും ഞങ്ങൾ സമ്മതിക്കുന്നു. ഈ ഭൂമിയിൽ നിന്റെ രാജ്യം അന്വേഷിക്കുവാൻ ഞങ്ങളെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യണമേ. നിന്റെ പ്രത്യാശയും രക്ഷയുടെ സന്തോഷവും ഉൾക്കൊള്ളാൻ ഞങ്ങളെ സഹായിക്കുകയും സൗഖ്യത്തിന്റെയും പ്രത്യാശയുടെയും നിത്യ നദിയാൽ ഞങ്ങളുടെ ജീവിതങ്ങളെ ശക്തിപെടുത്തുകയും ചെയ്യണമേ. ഞങ്ങളുടെ ആരാധനക്ക് നീ ചെവി തരുകയും നിന്റെ സ്വരം കേൾക്കാൻ ഞങ്ങളെ ശക്തീകരിക്കുകയും ചെയ്യണമേ. ആമേൻ.

4. **പ്രാരംഭ ഗീതം**
5. **അപ്പോസ്തല / നിഖ്യാ വിശ്വാസ പ്രമാണം / സ്തോത്രം / പാപം ഏറ്റുചൊല്ലൽ (ആരാധന ക്രമത്തിൽ ഉള്ളത് പോലെ**
6. **വേദപുസ്തക വായന**

- ഒന്നാം പാഠം: യെശയ്യാവു 6: 1-8
- രണ്ടാം പാഠം: പ്രവൃത്തികൾ 3: 1-10
- മൂന്നാം പാഠം: ലൂക്കോസ് 8: 43-48

## 7. സൗഖ്യ ദായക ശുശ്രൂഷക്ക് ആമുഖം

യേശുക്രിസ്തുവിന്റെ രോഗശാന്തി ശുശ്രൂഷ തന്റെ അനുകമ്പയുള്ള സംരക്ഷണം, ജീവിതം, ജോലി എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. അവന്റെ ഭൗമികജീവിതത്തിൽ അവൻ നമുക്ക് നൽകിയ പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും സൌഖ്യമാക്കുവാനുമുള്ള അവന്റെ ക്ഷണം ഇന്നും തുടരുകയും നമുക്കു മുൻപിൽ തുറന്നിരിക്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും ആഗ്രഹം സമൃദ്ധമായ ജീവിതം നയിക്കുക എന്നതാണ്. നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു ആദി മുതൽ എല്ലാ രോഗശാന്തിയുടെയും ഉറവിടമാണ്. ആത്മീയവും, മാനസികവും, ശാരീരികവും വൈകാരികവും, സാമൂഹികവുമായ എല്ലാ വശങ്ങളും ഈ രോഗശാന്തിയിൽ ഉൾക്കൊള്ളുന്നു.

സൗഖ്യദായക ശുശ്രൂഷ ഇന്ത്യയിൽ 1905 ൽ മെഡിക്കൽ മിഷണറി അസോസിയേഷൻ ഓഫ് ഇന്ത്യ (എം.എം.എ.) എന്ന മിഷണറി സംഘത്തിന്റെ പ്രവർത്തനത്താൽ ആരംഭിച്ചു. 1926-ൽ ഇത് ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നാക്കി മാറ്റപ്പെട്ടു. ഇന്ന് ലുധിയാനയിലും വെല്ലൂരിലും രണ്ട് പ്രശസ്തമായ ക്രിസ്ത്യൻ മിഷൻ മെഡിക്കൽ കോളേജ് ആശുപത്രികളടക്കം 300 ഓളം ക്രിസ്ത്യൻ മിഷൻ ആശുപത്രികൾ CMAI ക്ക് ഉണ്ട്. നാം ഇന്ന് രോഗശാന്തി ശുശ്രൂഷയിൽ പതിനായിരത്തിലധികം സമർപ്പിത ക്രിസ്തീയ ആരോഗ്യ വിദഗ്ദ്ധരെ ഒരുമിച്ചു കൊണ്ടുവരുന്ന ഒരു കൂട്ടായ്മയാണ്. നമ്മുടെ രാജ്യത്തിന്റെ വിവിധ ആരോഗ്യ പരിപാലനാവശ്യങ്ങൾക്ക് സംഭാവന നൽകുന്നതിലൂടെ നാം ബലത്തിനുമേൽ ബലം പ്രാപിച്ചു വരുന്നു. കുഷ്ഠരോഗം, ക്ഷയം, മലേറിയ, എച്ച്ഐവി / എയ്ഡ്സ് തുടങ്ങിയ നിരവധി മേഖലകളിൽ സി.എം. എ.ഐ. അംഗങ്ങൾ ആണ് ആദ്യമായി ശുശ്രൂഷയുമായി കടന്നു വന്നത്. . നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തുവിന്റെ സ്നേഹവും കല്പനയും പ്രതിഫലിപ്പിച്ചുകൊണ്ടു, നീതിപൂർവവും ആരോഗ്യകരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് ആതുര ശുശ്രൂഷയുടെ സഹായത്തോടെ ഇന്ത്യയിലെ സഭകളെ സേവിക്കുന്നതാണ് CMAI യുടെ ലക്ഷ്യം.

## 8. പ്രസംഗം.

*പ്രഭാഷണ സാരം- വിഷയം - ആരാണ് എന്നെ തൊട്ടത്?*

**ആമുഖം :**

ജനക്കൂട്ടം യേശുവിനെ സ്പർശിക്കുന്നതിനെക്കാൾ വ്യത്യസ്തമായി ആരോ ഒരാൾ യേശുവിനെ സ്പർശിച്ചു. വിശ്വാസവും ആശ്രയവും ശക്തമായ ഒരു സ്പർശനം ആയിരുന്നു അത്. സ്ത്രീയുടെ വിശ്വാസം സൗഖ്യമാകുന്നതിനുള്ള ശക്തി പകർത്തിയെടുത്തു.

*പഴയ നിയമം.*

- പഴയനിയമത്തിൽ പ്രവാചകനായ യെശയ്യാവ്, യഹൂദരെന്ന മത്സരികളായ ഒരു ജാതിക്കായി തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനെന്ന് ദൈവത്തോട് അനുകൂലമായി പ്രതികരിക്കുന്നു. ശുദ്ധീകരണ പ്രവർത്തനമെന്ന നിലയിൽ, യെശയ്യാവിൻറെ ചുണ്ടുകൾ യാഗപീഠത്തിങ്കൽ നിന്നുമുള്ള തീക്കനൽ കൊണ്ട് തൊടാൻ ദൈവം സാറാഫിൽ ഒരുവനെ അയയ്ക്കുന്നു. ദൈവത്തിൻറെ ശക്തമായ ഈ സ്പർശനം യെശയ്യാവിനെ ശുദ്ധീകരിക്കുന്നു. തന്റെ എല്ലാ പാപങ്ങളെയും നീക്കിക്കളഞ്ഞ് ദൈവപ്രതിനിധിയാക്കുന്നു

*പുതിയ നിയമം*

- പന്ത്രണ്ടു വർഷം രക്ത സ്രാവത്താൽ പീഡിതയായ സ്ത്രീ വളരെ കഷ്ടം നിറഞ്ഞ അവസ്ഥയിലായിരുന്നു.
  - അവൾ ശാരീരികമായി നിർജ്ജലീകരിക്കപ്പെട്ടു , അവളുടെ നിരന്തരമായ രക്തസ്രാവം കാരണം കഠിനമായ വിളർച്ച ബാധിക്കപ്പെട്ടു, വൈദ്യന്മാരുടെ ഉപദേശത്തിനും മരുന്നുകൾക്കുമായി അവളുടെ സാമ്പത്തിക വിഭവങ്ങളെല്ലാം ചിലവഴിച്ചു
  - ലേവ്യ നിയമം അനുസരിച്ച്, അവൾ ആചാരപരമായി അശുദ്ധയായിരുന്നു, അതിനാൽ അവൾക്ക് ആരാധനയിൽ പങ്കുചേരാനുള്ള അനുവാദം ഇല്ലായിരുന്നു. കൂടാതെ അവളെ സാമൂഹികമായി പാർശ്വവത്കരിക്കേണ്ടതാണ്. ഒരു യഹൂദ ഗുരു ഒരു സ്ത്രീയെ, പ്രത്യേകിച്ച് അശുദ്ധി ഉള്ള ഒരു സ്ത്രീയെ തൊടുന്നത് ഒരിക്കലും ജനത്തിനു സ്വീകാര്യമല്ലായിരുന്നു.
  - അപ്പോൾ അവൾ യേശുവിന്റെ പിന്നിൽ നിന്ന് കുനിഞ്ഞ് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടു.
  - സ്ത്രീയുടെ സ്പർശനവും സ്ത്രീയുടെ വിശ്വാസവും അവരെ സുഖപ്പെടുത്തിയിരുന്നു. യേശുവിന്റെ ശക്തി അവനിൽനിന്നു പുറപ്പെട്ടപ്പോൾ അവൾ വീണ്ടെടുക്കപ്പെട്ടു.
  - യേശു അവളുടെ അശുദ്ധി തന്റെ മേൽ എടുത്തു അവൻ സ്വയം അശുദ്ധനാക്കി. അവൻ സ്വയം ദുർബലനാക്കിത്തീർക്കുകയും നമ്മുടെ പാപങ്ങൾ ഏറ്റു എടുക്കയും ക്രൂശിൽ അപമാനകരമായ മരണം തിരഞ്ഞെടുക്കയും ചെയ്തു. മരത്തിൽ തൂങ്ങുന്നവൻ ദൈവത്തിനെതിരെ കുറ്റാരോപിതനാക്കപ്പെടുന്നുവെന്നാണ് ആവർത്തനം 21: 22, 23 വാക്യങ്ങളിൽ നാം വായിക്കുന്നത്
  - പക്ഷേ, വസ്ത്രത്തിലുള്ള സ്പർശനത്താൽ അവൾക്കു സൗഖ്യം വന്നപ്പോൾ യേശു എന്ത്കൊണ്ടാണ് നിന്നത്? യേശു അവളുടെ കഷ്ടതയിലേക്കും സൗഖ്യത്തിലേക്കും ശ്രദ്ധ ആകർഷിക്കുവാൻ വേണ്ടി നിന്നു. കാരണം, അവൾ യേശുവിനു ഒരു തടസ്സമോ നിസ്സാരയോ അല്ലെന്ന യാഥാർഥ്യം അവൾ മനസ്സിലാക്കുവാൻ, അവൾ വിലയേറിയവൾ ആണെന്ന് പറയുവാൻ അവൻ അപ്രകാരം ചെയ്തു. ആരെങ്കിലും അവളെ "മകൾ" എന്നു വിളിക്കുവാൻ അവൾ ആഗ്രഹിച്ചു . അവളുടെ വിശ്വാസം ഉറപ്പിച്ചു

യഥാർത്ഥ സമാധാനത്തിൽ യേശു അവളെ അവളുടെ വീട്ടിലേക്ക് അയച്ചു. (ലൂക്കോസ് 8: 48). അനുകമ്പയുള്ള വാക്കുകളോടെ യേശു തന്റെ രോഗശാന്തി അനേകർക്ക് പങ്കുവെച്ചു.

**ഉപസംഹാരം**

ദൈവത്തിന്റെ സൗഖ്യദായക ശുശ്രൂഷയിൽ ഉൾപ്പെട്ടിരിക്കുന്നവരെന്ന നിലയിൽ, അവനിൽനിന്നു ശക്തി നേടുവാൻ നാം അവന്റെ വസ്ത്രത്തെ സ്പർശിച്ച് അവനിൽ നിന്ന് ശക്തി സ്വീകരിക്കേണ്ടതുണ്ട്. തങ്ങളെ നിശ്ശബ്ദമാക്കാനും നിരാകരിക്കാനും സമൂഹത്തിൽ നിന്ന് അകറ്റുവാനും തക്ക ശാരീരികാവശ്യങ്ങൾ ഉള്ള ആളുകളെ തൊടാൻ നമുക്ക് സാധിക്കുന്നുണ്ടോ? അണുബാധയുള്ള മുറിവുകളോടും, ചർമ്മരോഗങ്ങളോടും, എച്ച്ഐവി / എയ്ഡ്സിനോടും വൈകല്യങ്ങളോടും വരുന്നവരോട് എങ്ങനെയാണ് നാം പ്രതികരിക്കുന്നത്? അത്തരം ആളുകളെ അകറ്റാനും മറ്റെവിടേക്കെങ്കിലും അവരെ അയക്കാനും എളുപ്പമാണ്. എന്നാൽ യേശുവിന്റെ മാതൃക നാം ചിന്തിക്കേണ്ടതുണ്ട്. വെറുക്കപ്പെട്ടവരെയും സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെടുന്നവരെയും അവൻ തേടിച്ചെന്നതാണ്. ഇപ്രകാരമുള്ള ആൾക്കാരെ നമ്മുടെ ആശുപത്രികളും സഭകളും സ്വാഗതം ചെയ്യുമോ? യേശു പറഞ്ഞു, "ദീനക്കാർക്കല്ലാതെ സൌഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല". (മത്തായി 9:12). നമ്മുടെ അയൽക്കാരോട് നമുക്ക് ഒരു നല്ല ശമര്യക്കാരൻ ആകുവാൻ സാധിക്കുമോ? ഭാരങ്ങൾ അധികമുള്ള ആളുകളുടെ സൗഖ്യമാക്കൽ ആഴത്തിലാക്കാൻ തക്ക അനുകമ്പ നമുക്കുണ്ടോ?

**പ്രാർഥന**

## 9. മദ്ധ്യസ്ഥത

പ്രിയ കർത്താവേ, നിന്റെ രോഗശാന്തി സ്പർശനത്തിന് ഞങ്ങൾ ഇന്നു നിന്റെ മുൻപേ വരുന്നു. നിന്നിൽ എല്ലാം സാധ്യമാണ്. നിന്റെ ഹൃദയത്തിനു ഉള്ളിൽ ഞങ്ങളുടെ ഹൃദയത്തെ മുറുകെ പിടിക്കണമേ, ഞങ്ങളുടെ മനസ്സ്, ശരീരം, ആത്മാവ് എന്നിവ പുതുക്കം പ്രാപിക്കുമാറാകട്ടെ. നഷ്ടപ്പെട്ട ആടുകളെപ്പോലെ നിന്റെ കൃപയ്ക്കായി ഞങ്ങൾ നിന്റെ അടുക്കൽ വന്നിരിക്കുന്നു. വിശ്വാസത്തിൽ ഈ ജീവിതയാത്രയിൽ നടക്കുമ്പോൾ നീ ഞങ്ങൾക്ക് വേണ്ടി വച്ചിരിക്കുന്ന പാതയിൽ മുന്നോട്ട് പോകാനുള്ള ശക്തി നൽകണം എന്ന് പ്രാർത്ഥിക്കുന്നു.

**കർത്താവേ, നിന്റെ കരുണയിൽ ഞങ്ങളുടെ യാചന ശ്രവിക്കേണമേ**

സ്വർഗ്ഗീയ പിതാവേ, തന്റെ അടിപ്പിണരാൽ ഞങ്ങൾ സൗഖ്യം ആകുവാൻ, ഞങ്ങൾക്ക് വേണ്ടി ജീവിക്കുവാനും മരിപ്പാനും നിന്റെ പുത്രനെ നീ പ്രദാനം ചെയ്തു. കർത്താവായ യേശുവേ, അവിടുന്നു രോഗികളെ സൌഖ്യമാക്കി, ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ദരിദ്രരെ പരിപാലിച്ചു. നീ അവരെ സ്നേഹിച്ചതുപോലെ ഞങ്ങളുടെ പരിപാലനം ആവശ്യമുള്ളവരെ സ്നേഹിക്കാൻ ഞങ്ങളെ സഹായിക്കണമേ. ആശുപത്രികളിലും, വൃദ്ധസദനങ്ങളിലും, ഭവനങ്ങളിലും ആയിരിക്കുന്ന രോഗികളെ പരിചരിക്കുന്ന പരിചാരകർക്കും , നഴ്സുമാർക്കും , വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. സ്നേഹത്തിന്റെ ദൈവമേ അവരുടെ ഏറ്റവും മികച്ചത് നൽകുവാൻ , സ്നേഹത്തോടെ സംസാരിക്കുകയും ധൈര്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുവാൻ . നീ നൽകിയ എല്ലാ ദാനങ്ങളുടെയും നല്ല കാര്യവിചാരകന്മാരായിരിക്കുവാൻ, അവരെ പഠിപ്പിക്കേണമേ. ബലഹീനരും ക്ഷീണിച്ചവരുമായവരുടെ ആത്മാവിനെ ഉയർത്താൻ അവരെ സഹായിക്കേണമേ.

**കർത്താവേ, നിന്റെ കരുണയിൽ ഞങ്ങളുടെ യാചന ശ്രവിക്കേണമേ**

രോഗികളും ക്ഷീണിതരും അസ്വസ്ഥരുമായ എല്ലാവർക്കുവേണ്ടിയും ഞങ്ങൾ പ്രാർഥിക്കുന്നു. പ്രത്യേകിച്ച് നിന്റെ സ്പർശനത്താൽ മാത്രം വിടുതൽ ലഭിക്കേണ്ട കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കുന്നു. നിന്റെ സാന്നിദ്ധ്യം അവർ മനസ്സിലാക്കട്ടെ, നിന്റെ ശക്തി അവർ അറിയട്ടെ , നിന്റെ സ്നേഹത്തെ അവർ അനുഭവിക്കട്ടെ , അവരുടെ ശരീരം നിന്റെ പ്രകാശവും സത്യവും കൊണ്ട് നിറയട്ടെ, നിന്റെ രോഗശാന്തിയും പൂർണതയും കൊണ്ട് നിറയട്ടെ. രോഗികളുടെ പ്രിയപ്പെട്ടവർക്കായി ഞങ്ങൾ പ്രാർഥിക്കുന്നു. അവർ രോഗികളെ പരിപാലിക്കുന്ന സമയത്ത് നീ അവരുടെ പ്രത്യാശയും കരുത്തും ആകണമെന്ന് പ്രാർത്ഥിക്കുന്നു

**കർത്താവേ, നിന്റെ കരുണയിൽ ഞങ്ങളുടെ യാചന ശ്രവിക്കേണമേ**

നിന്റെ മകനായ യേശുക്രിസ്തുവിന്റെ സ്നേഹം രോഗികൾക്കും അശരണർക്കും കഷ്ടതയിൽ ഇരിക്കുന്നവർക്കും പകർന്നു കൊടുക്കുവാൻ ഇടയാക്കേണ്ടതിനു സർവശക്തനായ ദൈവമേ രാജ്യത്താകമാനമുള്ള എല്ലാ CMAI സ്ഥാപനങ്ങൾക്കും വ്യക്തിഗത അംഗങ്ങൾക്കുമായി ഞങ്ങൾ പ്രാർഥിക്കുന്നു. ഞങ്ങൾ ക്രിസ്തുവിന്റെ കാൽപ്പാടുകൾ പിന്തുടർന്ന് രാജ്യത്തിലെ പാവപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സേവിക്കുമ്പോൾ, കർത്താവേ, അങ്ങയുടെ മുഖം ഞങ്ങളിൽ തുടർന്നും പ്രകാശിപ്പിക്കണമേ. ഞങ്ങളുടെ വിശ്വാസത്തിൽ ശക്തരായി നിലകൊള്ളാൻ ഞങ്ങളെ സഹായിക്കണമേ, അപ്രകാരം നിന്റെ ശക്തിയിൽ നിന്ന് ശക്തി പ്രാപിക്കുവാനും ജനങ്ങളെ സേവിക്കുന്നതിൽ തുടരാനും ഞങ്ങളെ സഹായിക്കേണമേ.

**കർത്താവേ, നിന്റെ കരുണയിൽ ഞങ്ങളുടെ യാചന ശ്രവിക്കേണമേ**

ഭാരതത്തിലെ സഭകളുടെ ആതുര സേവന ഹസ്തമായ CMAI യെ ഓർത്തു പ്രാർത്ഥിക്കുന്നു. സഭകളുടെ ആതുര ശുശ്രൂഷകളെയും ഡോക്ടർമാരെയും നഴ്സുമാരെയും മറ്റു ആതുര പ്രവർത്തകരെയും ചാപ്ലയിൻ മാരെയും

അധികാരികളെയും പാവങ്ങളെയും അശരണരെയും കരുതുവാൻ വിശ്രമമില്ലാതെ ജോലി ചെയ്യുന്ന മറ്റെല്ലാവരെയും നിനക്ക് സമർപ്പിക്കുന്നു. അവരെ നിന്റെ കരുണയാൽ നിറച്ചു നിന്റെ സൗഖ്യ സ്പര്ശനത്തിന്റെ വക്താക്കളാക്കി മാറ്റണമേ. അവർക്കു ജ്ഞാനവും ധൈര്യവും വിശ്വസ്തതയും നൽകണമേ. നിനക്കു വേണ്ടി വേലചെയ്യുമ്പോൾ നിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടുവാൻ ഞങ്ങൾക്കും ഇടയാക്കണമെന്നും പ്രാർത്ഥിക്കുന്നു.

**കർത്താവേ, നിന്റെ കരുണയിൽ ഞങ്ങളുടെ യാചന ശ്രവിക്കേണമേ**

(ലീഡർക്കു മറ്റ് അപേക്ഷകൾക്കു വേണ്ടി പ്രാർത്ഥിക്കാവുന്നതാണ്. ശുശ്രൂഷകന് പ്രാർത്ഥിച്ചു അവസാനിപ്പിക്കാം)

**10. ഗീതം (സ്തോത്രകാഴ്ച )**

തിരുവത്താഴം ഉണ്ടെങ്കിൽ തുടർന്ന് സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ അവസാനിപ്പിക്കാം.

സൗഖ്യ ദായക ശുശ്രൂഷാ ഞായറിൽ സംഭരിച്ച സംഭാവനകൾ താഴെ പറയുന്ന വിലാസത്തിൽ അയക്കുക.

**CMAI Office, Plot No.2, A-3 Local Shopping Centre, Janakpuri, New Delhi**
**by Demand Draft / Cheque in favour of 'CMAI, New Delhi'**

നേരിട്ട് ആശുപത്രികളിൽ പണം അല്ലെങ്കിൽ ദാനമായി സംഭാവന ചെയ്യാൻ നിങ്ങൾ തിരഞ്ഞെടുക്കുകയാണെങ്കിൽ, ഓഫീസിൽ രേഖകൾക്കായി ദയവായി താഴെ പറയുന്ന ഇമെയിലിൽ ഞങ്ങളെ അറിയിക്കുക

**cmai@cmai.org , imtimenla@cmai.org**